(ഡി) കൃഷി ചെയ്യുന്നതിനുള്ള ഭൂമി നൽകിയും വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 661 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. 1998-99 സാമ്പത്തിക വർഷം മുതൽ ദുർഘട പ്രദേശങ്ങളിൽ ഒറ്റപ്പെട്ട അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. ഇതുപ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിനും കൃഷിക്കാര്യങ്ങൾക്കുമായി ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും 15 സെന്റിൽ കുറയാതെ ഭൂമി 50,000 രൂപയിൽ കവിയാതെയുള്ള ചെലവിൽ വാങ്ങി നൽകി 35,000 രൂപ നിരക്കിൽ വീടും അനുവദിക്കുന്നു. (പ്രയാസമേറിയ സ്ഥലങ്ങളിൽ 20% കൂടുതൽ തുകയും അനുവദിക്കുന്നു.) ഇതിനു പുറമെ കക്കൂസ്, കുളിമുറി, വയറിംഗ് ഗ്രാന്റ്, പുകയില്ലാത്ത അടുപ്പ് തുടങ്ങി അനുബന്ധ സൗകര്യങ്ങൾക്കായി 8000 രൂപ അധിക സഹായമായും അനുവദിക്കുന്നതാണ്. ഒരു കുടുബത്തിന് പരമാവധി ഒരു ലക്ഷം രൂപ ഈ പദ്ധതി അനുസരിച്ച് ചെലവാക്കാവുന്നതാണ്.

(ഡി) ഇതിനുവേണ്ടിയുള്ള ശ്രമം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2379) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെടുന്ന എത്ര കുടുംബങ്ങൾ വീതമുണ്ട്;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലുംപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി വീടും ഭൂമിയുമുണ്ട്;

(സി) ഇവരിൽ വീടില്ലാത്തവർ എത്ര പേരുണ്ട്; ഇവർക്ക് വീട് വച്ചു കൊടുക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) എത്ര കാലത്തിനുള്ളിൽ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് വച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) അതിനുവേണ്ടി എന്തു ചെലവ് വരും;

(എഫ്) അവർക്ക് വീടുണ്ടാക്കിക്കൊടുക്കുന്നതിന് ആരെയാണ് ഏർപ്പെടുത്തുന്നത്;

(ജി) അവർക്കു നിർമ്മിക്കുന്ന വീടുകളുടെ പണി മെച്ചപ്പെട്ട നിലയിൽ നടത്തുന്ന കാര്യം ഉറപ്പാക്കുന്നതിനും മറ്റനുബന്ധ കാര്യങ്ങൾക്കുമായി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ രാഷ്ട്രീയ കക്ഷികളിലും പെടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരടങ്ങിയ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമോ?

ഉത്തരം

(എ) 1991-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 5,93,676 പട്ടിക ജാതി കുടുംബങ്ങളും 69,441 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) സ്വന്തമായി വീടും ഭൂമിയുമുള്ള 4,43,676 പട്ടികജാതി കുടുംബങ്ങളും 54441 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്.

(സി) വീടില്ലാത്ത 1.5 ലക്ഷം പട്ടികജാതിക്കാരും 15,000 പട്ടികവർഗ്ഗക്കാരും ഉള്ളതായി കണക്കാക്കപ്പെടുന്നു.

ഇവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 9-ാം പദ്ധതിയുടെ അവസാനത്തോടെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് വച്ച് നൽകാനുണുദ്ദേശിക്കുന്നത്.

(ഇ) പട്ടികജാതിക്കാർക്കുവേണ്ടി ഏകദേശം 525 കോടി രൂപ ചെലവും പട്ടികവർഗ്ഗക്കാർക്ക് 51 കോടി രൂപ ചെലവും വരുമെന്ന് കണക്കാക്കപ്പെടുന്നു.

(എഫ്) സർക്കാരിന്റെ വിവിധ വകുപ്പുകളെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ജി) ഇക്കാര്യം പരിഗണനാർഹമല്ല.

2 (2380) പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1998-99 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളിലൂടെ ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്;

(ബി) ജില്ലാ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ ആദിവാസി വിഭാഗങ്ങൾക്കു വേണ്ടി എത്രമാത്രം തുക ചെലവാക്കി എന്നതിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 25882 ലക്ഷം രൂപയും പട്ടികവർഗ്ഗ ക്ഷേമത്തിന് 4666 ലക്ഷം രൂപയും

(ബി)ആന്റ്(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

13.7.99-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 6 (421) ദയവായി കാണുക

വിദ്യാഭ്യാസ പദ്ധതികൾക്കുവേണ്ടി 1998-99-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയുടേയും സംസ്ഥാന സർക്കാർ വഹിക്കേണ്ട തുകയുടേയും വിവരങ്ങൾ

1. ഡി.പി.ഇ.പി.

ഡി.പി.ഇ.പി. പദ്ധതിയുടെ നടത്തിപ്പിലേക്ക് കേന്ദ്രസർക്കാരിൽ നിന്നും 1998-99-ൽ 33 കോടി 19 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 13 കോടി 19 ലക്ഷം രൂപ 1997-99 വർഷത്തേയ്ക്കുള്ള വിഹിതമായിരുന്നു. എന്നാൽ പ്രസ്തുത തുക സംസ്ഥാനത്തിന് ലഭ്യമാക്കിയത് 1998-99 സാമ്പത്തിക വർഷമാണ്. 1998-99 സാമ്പത്തിക വർഷം ഡി.പി.ഇ.പി. പദ്ധതികൾക്കായി 29.28 കോടി രൂപ ചെലവായി. ഇതനുസരിച്ച് സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക 4.39 കോടി രൂപയാണ്. സംസ്ഥാന സർക്കാർ തനതുവർഷം 1.70 കോടി രൂപ ലഭ്യമാക്കി.

2. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി
   - കേന്ദ്ര വിഹിതം - 310.84 ലക്ഷം
   - സംസ്ഥാന വിഹിതം - ഇല്ല

3. ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ
   - കേന്ദ്ര വിഹിതം - 175.216 ലക്ഷം
   - സംസ്ഥാന വിഹിതം - ഇല്ല

4. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം
   - കേന്ദ്ര വിഹിതം - ഇല്ല
   - സംസ്ഥാന വിഹിതം - ഇല്ല

5. ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്
   - കേന്ദ്ര വിഹിതം - 436,13,151.00
   - സംസ്ഥാന വിഹിതം - 3900000/- രൂപ

6. നിർദ്ധന സംസ്കൃത പണ്ഡിതർക്കുള്ള സഹായം
   - കേന്ദ്ര വിഹിതം - 7,45,334.00
   - സംസ്ഥാന വിഹിതം - ഇല്ല

7. വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി
   - കേന്ദ്ര വിഹിതം - 122,141,64.00
   - സംസ്ഥാന വിഹിതം - ഇല്ല

അനുബന്ധം II

13.7.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (2379) ദയവായി കാണുക

കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ്. സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി: പ്രതിവർഷം 10,000 രൂപയിൽ താഴെ കുടുംബവരുമാനമുള്ളവരും സ്വന്തം പേരിലോ ഭാര്യയുടെ/ഭർത്താവിന്റെ പേരിലോ, അവിവാഹിതരായ മക്കളുടെ പേരിലോ വാസയോഗ്യമായ വീടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമിയുള്ളതുമായ ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. മറ്റേതെങ്കിലും ഭവന നിർമ്മാണ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനം കിട്ടിയവർക്ക് ഈ പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ പദ്ധതി പ്രകാരം 35,000/- രൂപ വരെ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന വീടുകളാണ് നിർമ്മിക്കേണ്ടത്. ധനസഹായം നാല് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്.

1. വായ്പാനുമതിയോടൊപ്പം ഒന്നാം ഗഡുവായി 7000 രൂപയും
2. രണ്ടാം ഗഡുവായി 10,000 രൂപ കെട്ടിടത്തിന്റെ അടിത്തറ നിർമ്മിച്ച് കഴിയുമ്പോൾ ചെക്കായോ/കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളായോ
3. മൂന്നാം ഗഡുവായി 14,000 രൂപ കെട്ടിടത്തിന്റെ കൂരമട്ടം വരെ പണി പൂർത്തിയാക്കുമ്പോൾ ചെക്കായോ കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളായോ
4. നാലാം ഗഡുവായി 4,000 രൂപ വീടിന്റെ പണി പൂർത്തിയാകുമ്പോഴും നൽകുന്നു.

ഓരോ ഗഡുവിൽ നിന്നും അതാത് തുകയുടെ ഒന്നര ശതമാനം സർവീസ് ചാർജ്ജായി യഥാക്രമം 105, 150, 210, 60 രൂപയും നാലാം ഗഡുവിൽ നിന്ന് ഗുണഭോക്താവിന്റെ അപകടമരണത്തിനും വീടിന്റെ നാശനഷ്ടങ്ങൾക്കും എതിരെ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി 15 വർഷത്തേക്ക് ബോർഡ് നേരിട്ട് കരാറിലേർപ്പെടുത്തുന്നതിനാവശ്യമായ 175 രൂപയും കഴിച്ചശേഷം ബാക്കി തുക നൽകുന്നതുമാണ്.

വീടില്ലാത്ത പട്ടികജാതിക്കാർക്ക് വീടു വച്ചുകൊടുക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ തന്നെ പല പദ്ധതികളും നിലവിലുണ്ട്. ഇവ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്.

1. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി (വസ്തുവിന് 15,000 രൂപ വീടിന് 35,000 രൂപ)
2. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതിക്കാരുടെ ഉന്നമനം (വസ്തുവിന് 25,000 രൂപ (5 സെന്റ്) വീടിന് 35,000 രൂപ)
3. പുറമ്പോക്കു നിവാസികളുടെ പുനരധിവാസം (വസ്തുവിന് 15,000 രൂപ വീടിന് 35,000 രൂപ)
4. ഐ.എച്ച്.ഡി.പി. ഭവന നിർമ്മാണ പദ്ധതി (വീടിന് 35,000 രൂപ)

പട്ടികവർഗക്കാർക്ക് സാധാരണ സ്ഥലങ്ങളിൽ 35,000 രൂപയും ദുർഘട പ്രദേശങ്ങളിൽ 42,000 രൂപയും ഭവന നിർമ്മാണ ധനസഹായമാണ് നൽകുന്നത്. ഇവർക്ക് വയറിംഗ് ഗ്രാന്റ് 1000 രൂപയും പുകയില്ലാത്ത അടുപ്പിന് 500 രൂപയും അനുവദിച്ചിട്ടുണ്ട്.

അനുബന്ധം III

13.7.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (2387) ദയവായി കാണുക

സ്കൂൾതലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. പ്രീമെട്രിക് ഹോസ്റ്റലുകളിൽ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സമ്പ്രദായവും ലൈബ്രറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി. ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് സ്കൂളിനടുത്തുള്ള ട്യൂട്ടോറിയലിൽ ചേർന്ന് സ്വകാര്യ ട്യൂഷൻ പഠിക്കുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി 1998-99 അദ്ധ്യയനവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly